ട്രെയിനിംഗ് കോളേജ് ലക്ചറർമാരുടെ ഒഴിവുകൾ

109 [2430] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രെയിനിംഗ് കോളേജ് ലക്ചറർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്നും കാറ്റഗറി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലെ നിയമനത്തിന് എത്ര പേർക്ക് പി. എസ്. സി. അഡ്വൈസ് മെമ്മോ അയച്ചെന്നും എന്നത്തേക്ക് നിയമനം നടത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 11 ഒഴിവുകളുണ്ട്. അവ ചുവടെ ചേർക്കുന്നു:

1.	ഫൗണ്ടേഷൻ ഓഫ് എഡ്യൂക്കേഷൻ	.. 1
2.	ഇംഗ്ലീഷ്	.. 1
3.	എഡ്യൂക്കേഷൻ ടെക്നോളജി	.. 2
4.	കോമേഴ്സ്	.. 1
5.	തമിഴ്	.. 1
6.	ഹിന്ദി	.. 1
7.	എഡ്യൂക്കേഷണൽ സൈക്കോളജി	.. 3
8.	റിസർച്ച് മെത്തഡോളജി & സ്റ്റാറ്റിസ്റ്റിക്സ്	.. 1

(ബി) 5 പേർക്ക് പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും അഡ്വൈസ് ലഭിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കും പ്രകാരമാണ്:

ഫൗണ്ടേഷൻ ഓഫ് എഡ്യൂക്കേഷൻ	.. 1
ഇംഗ്ലീഷ്	.. 1
എഡ്യൂക്കേഷൻ ടെക്നോളജി	.. 2
റിസർച്ച് മെത്തഡോളജി & സ്റ്റാറ്റിസ്റ്റിക്സ്	.. 1

ഇവയിൽ ഫൗണ്ടേഷൻ ഓഫ് എഡ്യൂക്കേഷൻ, ഇംഗ്ലീഷ് എഡ്യൂക്കേഷൻ ടെക്നോളജി എന്നീ പോസ്റ്റുകൾ 100% സെൻട്രലി സ്പോൺസേർഡ് സ്കീമിൽ ഉൾപ്പെട്ട പോസ്റ്റുകളാണ്. ഈ പോസ്റ്റുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റിസർച്ച് & സ്റ്റാറ്റിസ്റ്റിക്സ് എന്ന പോസ്റ്റ് തൃശ്ശൂർ ഗവൺമെന്റ് ട്രെയിനിംഗ് കോളേജിൽ എം. എഡ്. നടത്താനായി അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത കോഴ്സിന് എൻ. സി. ടി. ഇ. അംഗീകാരം നിർത്തലാക്കിയതിനാൽ കോഴ്സ് തുടരാത്ത സാഹചര്യത്തിൽ നിയമനം നടത്തിയിട്ടില്ല. പ്രസ്തുത കോഴ്സ് പുനരാരംഭിക്കുവാൻ എൻ.സി.ടി.ഇ. യോട് അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത പോസ്റ്റിലേക്ക് അഡ്വൈസ് കിട്ടിയ ഉദ്യോഗാർത്ഥി ഇപ്പോൾ കോഴിക്കോട് ഗവൺമെന്റ് ട്രെയിനിംഗ് കോളേജിൽ മാത്തമാറ്റിക്സ് വിഭാഗം ലക്ചററായി ജോലി ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly